## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4452 — 17.05.2017 ൽ മറുപടിയ്ക്ക്

### സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് ലഭിക്കുന്ന അരിയുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് ലഭിക്കുന്നത് ഗുണനിലവാരം കുറഞ്ഞ അരിയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ, ഇത്തരം അരി ലഭിക്കുന്നത് എവിടെയെല്ലാമാണെന്നും ഇത്തരം പരാതി ഒഴിവാക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | സ്കൂളുകളിൽ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങ ളാണ് നിലവിലുള്ളതെന്ന് വ്യക്തമാ ക്കുമോ? | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ലഭിക്കുന്ന അരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗുണമേന്മാ ഉദ്യോഗസ്ഥർ പ്രത്യേക പരിശോധന നടത്തി ഗുണമേന്മ ഉറപ്പാക്കി ടി പദ്ധതിയ്ക്കായി അലോട്ട് ചെയ്യുന്നു. ഈ അരി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗുണമേന്മ പരിശോധനാവിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ-യിൽ നിന്ന് വിട്ടെടുക്കുന്നത്. ഇങ്ങനെ വിട്ടെടുക്കുന്ന അരി സപ്ലൈകോ ഡിപ്പോകളിൽ നിന്നും വില്പനശാലകളിൽ നിന്നും സ്കൂളുകളിലേയ്ക്ക് വിതരണം നടത്തുന്ന അവസരങ്ങളിലും ഗുണമേന്മ സംബന്ധിച്ച പരിശോധനയും ഫിഫോ (FIFO) (ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്) രീതിയും തുടരുന്നു. ഏതെങ്കിലും തരത്തിൽ |

ഗുണമേന്മ സംബന്ധിച്ച സംശയം ഉടലെടുക്കുന്ന അവസരത്തിൽ ഡിപ്പോ തലത്തിൽ ലഭ്യമായ ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

സെക്ഷൻ ഓഫീസർ